## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1855 01.11.2019-ലെ മറുപടിക്ക്

# കിഴക്കേകോട്ടയിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കിഴക്കേകോട്ടയിലുള്ള സംരക്ഷണ മതിലിന് ചുറ്റുമുള്ള കെ. എസ്.ആർ. ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72. 250 സെന്റ് സ്ഥലത്തെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തുനിന്നും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് എതിർ കക്ഷികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒഴിവാക്കപ്പെട്ട വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യും ബന്ധപ്പെട്ട ഇതര വകുപ്പ് അധികാരികളും വ്യാപാരി വ്യവസായ പ്രതിനിധികളും ചേർന്ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09/05/18 തീയതിയിൽ ചേർന്ന യോഗത്തിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലുള്ള ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങൾ അടിയന്തിരമായി ഒഴിപ്പിക്കണമെന്ന് തീരുമാനിക്കുകയും ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ അധികാരികളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിഴക്കേകോട്ട റോഡ് വികസനവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെട്ട കടക്കാരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി വിധി പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കുന്നതിനായി 14/05/19-ൽ ജില്ലാ കളക്ടർക്ക് കെ.എസ്. ആർ.ടി.സി കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ കെ. എസ്. ആർ.ടി.സിയുടെ ഭാഗത്ത് നിന്ന് തുടർ നടപടി ഉണ്ടാകാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടായിട്ടുണ്ട്. ജില്ലാ ഭരണകൂടം മുഖാന്തിരം നടപടി പുരോഗമിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവർക്ക് തുടർനടപടികളിൽ നിന്ന് വിട്ട് നിൽക്കുന്നതിന് എന്തെങ്കിലും വിധത്തിലുള്ളതോ ഏതെങ്കിലും ഭാഗത്തുനിന്നോ ഉള്ള സമ്മർദ്ദം ഉണ്ടായിരുന്നോ; അറിയിക്കുമോ; | (സി) യും (ഡി) യും | അത്തരത്തിലുള്ള യാതൊരു സമ്മർദ്ദവും ഉണ്ടായതായി അറിവില്ല. |
| (ഡി) | എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ; | | |
| (ഇ) | പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കെ .എസ്.ആർ.ടി.സിയുടെ നിലപാട് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത കൈയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കണമെന്നതാണ് കെ.എസ്.ആർ.ടി.സി.യുടെ നിലപാട്. |

**സെക്ഷൻ ഓഫീസർ**